LIBRARY ARCHIVES Kerala Legislative Assembly

(2) സർക്കാർ ആശുപത്രികളിൽ കുറഞ്ഞ വരുമാനക്കാർക്കും സഹകാര്യ ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു നിശ്ചിത ശതമാനം രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മമ്മൂട്ടി : സർ, കേരളത്തിലെ നിരാലംബരും നിരാശ്രയരുമായ അനേകായിരം പാവപ്പെട്ട, സാധാരണക്കാരായ രോഗികൾ സാമ്പത്തിക പ്രയാസംമൂലം ചികിത്സ ലഭിക്കാതെ മരണശയ്യയിൽ കിടക്കുന്ന അതിദാരുണവും ദയനീയവുമായ സ്ഥിതിവിശേഷത്തിലേക്കാണ് ബഹുമാനപ്പെ മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. ഇന്ന് മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും 9000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് മാത്രമാണ് സൗജന്യ ചികിത്സ ലഭിക്കുന്നത്. 9,000 മുതൽ 18,000 വരെ വാർഷിക വരുമാനമുള്ള ആളുകൾക്ക് 50 ശതമാനം ചികിത്സാഫീസ് നൽകണം. അതായത്, ഒരു ദിവസം കേവലം 35 രൂപയ്ക്ക് കൂലിപ്പണി ചെയ്യുന്ന, കൈവണ്ടി വലിക്കുന്ന, പാടശേഖരങ്ങളിൽ പണിയെടുക്കുന്ന സാധാരണക്കാരനു പോലും 50 ശതമാനം ഫീസ് അടച്ചാലേ ചികിത്സാ സൗകര്യം ലഭിക്കുകയുള്ളു. ഇത് ഇന്നലെപ്പോലും ഞാൻ അന്വേഷിച്ചപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും കിട്ടിയ വിവരമാണ്. പണ്ട് അങ്ങയുടെ കാലത്തൊക്കെയുണ്ടായിരുന്ന ധർമ്മാശുപത്രി എന്നുപറയുന്നത് ഇന്ന് അന്യമായിരിക്കുകയാണ്. ഒരു കുടുംബത്തിന്, 30 രൂപ വീതം ഒരു ഭർത്താവിനും ഭാര്യയ്ക്കും കൂലി ലഭിക്കുകയാണെങ്കിൽ അതായത്, 60 രൂപ കിട്ടുകയാണെങ്കിൽ വാർഷിക വരുമാനം 21,600 രൂപയാകും. അങ്ങനെയുള്ള കുടുംബത്തിന് മുഴുവൻ ചികിത്സാ ഫീസും ധർമ്മാശുപത്രികളിൽ അടച്ചാലേ ചികിത്സ ലഭിക്കുകയുള്ളു. എന്നാൽ, ഈ സഭയിലെ ഞാനടക്കമുള്ള, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർക്കും കേരളത്തിലെ ഉദ്യോഗസ്ഥന്മാർക്കും മുഴുവനും ഒരു ലക്ഷമല്ല രണ്ട് ലക്ഷം രൂപ വരുമാനമുണ്ടെങ്കിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിലൂടെ സൗജന്യചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ഈ സാഹചര്യത്തിൽ പാവപ്പെട്ട ആളുകൾക്ക് താങ്ങാൻ കഴിയാത്ത ഭാരംമൂലം ചികിത്സ കിട്ടാതെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. രോഗം വരുമ്പോൾ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ കണക്കില്ല. ഓരോ പ്രയാസം അനുഭവിക്കുന്നവരാണ് എല്ലാ വിഭാഗക്കാരും. എന്നാൽ പാവപ്പെട്ടവൻ സാമ്പത്തിക പ്രയാസംമൂലം ചികിത്സ ലഭിക്കാതെ കഷ്ടപ്പെടുമ്പോൾ, മരണത്തിനായി കാത്തോർക്കുമ്പോൾ പണക്കാരന് മാത്രമായി നമ്മുടെ ആശുപത്രികൾ മാറിക്കൊണ്ടിരിക്കുകയാണ്. ഹൃദ്രോഗ ചികിത്സ-ബൈപ്പാസ് സർജറി, ക്യാൻസർ ചികിത്സയ്ക്കാവശ്യമായ കീമോതെറാപ്പി, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ അടക്കമുള്ള ലക്ഷക്കണക്കിന് രൂപയുടെ ചെലവുവരുന്ന രോഗങ്ങൾ ഇന്ന് സാധാരണക്കാരനിൽ പോലും പടർന്ന് പിടിച്ചിരിക്കുകയാണ്. അങ്ങനെ ഒരു രോഗം വന്നാൽ മരിക്കുകയല്ലാതെ യാതൊരു രക്ഷയും ഇല്ലാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. ഇത്തരം മാരക രോഗങ്ങൾക്ക് ചികിത്സാ സൗകര്യംപോലും പല സ്ഥലങ്ങളിലുമില്ല. ഉണ്ടെങ്കിൽത്തന്നെ അതിന് താങ്ങാനാവാത്ത ഫീസ് കൊടുക്കേണ്ടിവരും. സൗജന്യചികിത്സ എല്ലാ

വിഭാഗത്തിനും കൊടുക്കാൻ സർക്കാരിന് സാദ്ധ്യമല്ല എന്നുള്ളത് ഉറപ്പാണ്. ചില സ്ഥലങ്ങളിൽ ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന് പരിഹാരം കാണേണ്ടതുണ്ട്. എല്ലാവർക്കും സൗജന്യമായി കൊടുക്കണമെന്നുള്ളതിനോട് എനിക്ക് യോജിപ്പില്ല. പക്ഷേ, ഒരു മാനദണ്ഡമെന്ന നിലയിൽ ഒരു കുടുംബത്തിന്റെ വരുമാനം ദിവസം 100 രൂപ അതായത്, മാസം 3000 രൂപ, കൊല്ലത്തിൽ 36,000 രൂപ വരെ വരുമാനമുള്ളവർക്ക് സൗജന്യ ചികിത്സ നൽകാൻ അടിയന്തിര നടപടി ഉണ്ടാകണമെന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. ഇതിനായി സർക്കാർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതു കൊണ്ട് ചികിത്സാസഹായത്തിനായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. അതുപോലെതന്നെ ഇന്നും പല സ്വകാര്യ ആശുപത്രികളിലും, സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലും ഒന്നുംതന്നെ സാമ്പത്തികമായി നല്ല വരുമാനമുള്ള ആശുപത്രികളിൽ പോലും ഒരു പൈസപോലും ചികിത്സാ സൗജന്യം നൽകുന്നില്ല.

മി. സ്പീക്കർ : ചികിത്സയ്ക്കുവേണ്ടി ഇപ്പോഴും ഇൻഷ്വറൻസ് സ്കീമുണ്ട്.

ശ്രീ. സി. മമ്മൂട്ടി : പക്ഷേ അത് പാവപ്പെട്ടവർക്ക് ലഭ്യമാക്കണം. അതാണ് എന്റെ ആവശ്യം. അതുപോലെ സ്വകാര്യ ആശുപത്രികളിലെ മൊത്തവരുമാനത്തിന്റെയോ അല്ലെങ്കിൽ ലാഭം കിട്ടുന്നതിന്റെയോ പതിനഞ്ചോ ഇരുപതോ ശതമാനമെങ്കിലും പാവപ്പെട്ടവർക്ക് വേണ്ടി നിർബന്ധമായും സൗജന്യചികിത്സ കൊടുക്കണമെന്ന നിബന്ധന നിയമനിർമ്മാണത്തിലൂടെ ഉറപ്പ് വരുത്താനുള്ള തീരുമാനം സർക്കാർ നടപ്പിലാക്കണമെന്നാണ് ഞാൻ പറയുന്നത്. പാവപ്പെട്ടവർക്ക് സ്വകാര്യ ആശുപത്രിയിൽ പോയാൽ അവിടെ സൗജന്യചികിത്സ ലഭിക്കുന്നില്ല. ഗവൺമെന്റ് ആശുപത്രിയിൽ പോയാൽ അവിടെ വേണ്ടത്ര സൗകര്യമില്ലാത്തതിന്റെ പേരിലോ ഫീസ് കൊടുക്കാൻ കഴിയാത്തതിന്റെ പേരിലോ അനുഭവിക്കുന്ന ദാരുണമായ അവസ്ഥാവിശേഷവും ഇന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ടും അതുപോലെ നിയമ നിർമ്മാണത്തിലൂടെ സ്വകാര്യ ആശുപത്രികളിൽ അതിനുള്ള സംവിധാനമൊരുക്കിക്കൊണ്ടും ഈ സഭയിൽ ഞാൻ അടക്കമുള്ള ആളുകൾ ; ഞാൻ പോലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇതുവരെ വാങ്ങിയിട്ടില്ല. എന്താണ് കാരണമെന്നറിയാമോ ? 3,000 രൂപ, കുറഞ്ഞ വരുമാനമുള്ളവർക്ക് കിട്ടാത്ത ആനുകൂല്യം ഞാനും വാങ്ങില്ലായെന്ന തീരുമാനം കൊണ്ടാണ്. എന്നെ സംബന്ധിച്ച് ഞാൻ പറയുന്നു 2 വർഷമായി ഒരു രൂപ പോലും റീ-ഇംബേഴ്സ്മെന്റായി ഞാൻ വാങ്ങിയിട്ടില്ല.

മി. സ്പീക്കർ : ആരോഗ്യമുള്ളവർ എന്തിന് വാങ്ങണം ?

ശ്രീ. സി. മമ്മൂട്ടി : ആരാണ് മധുരിച്ചിട്ട് തുപ്പിക്കളഞ്ഞിട്ടുള്ളത് ? എല്ലാവരും വാങ്ങിക്കുന്നുണ്ട്. പക്ഷേ .....

മി. സ്പീക്കർ : ചികിത്സിക്കുന്നവർ മാത്രമേ വാങ്ങിക്കുന്നുള്ളൂ. ചട്ടപ്രകാരം അതിന്റെ സർട്ടിഫിക്കറ്റുകളും ബില്ലുകളുമൊക്കെ തരുന്നവർക്കു മാത്രമേ കൊടുക്കുന്നുള്ളൂ. ഇത് നിങ്ങൾ പറയുമ്പോൾ ആളുകൾ വിചാരിക്കും വാരിക്കോരി കൊടുക്കുകയാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സാമ്പത്തികശേഷിയുള്ളവർപോലും അത് ഒഴിവാക്കുന്നില്ല. അതാണ് ഞാൻ പറഞ്ഞത് 100 രൂപ വരെ ദിവസ കൂലിക്ക് പണിയെടുക്കുന്ന ആളുകൾ ഇവിടെ ബി.പി.എൽ.-ലിൽ വരുന്നില്ല. അതുകൊണ്ട് മൂവായിരം രൂപ വരെ മാസവരുമാനമുള്ളവർക്ക്, 36,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യചികിത്സ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, പത്തു വർഷംകൊണ്ട് നമ്മുടെ ചികിത്സാ ചെലവ് ഏഴിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. പത്ത് കൊല്ലം മുമ്പ് ആശുപത്രികളിൽ വാങ്ങിയിരുന്ന ചികിത്സാഫീസ് തന്നെയാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ആളുകളിൽ നിന്ന് വാങ്ങുന്നത്. 1500 രൂപ വരെ മാസവരുമാനമുള്ളവർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാണ്. അതുമാത്രമല്ല, 1500 രൂപയിൽ കൂടുതൽ വരുമാനമുള്ള ആളുകൾക്കും ചികിത്സ സൗജന്യം തന്നെയാണ്. പലരും മെഡിക്കൽ കോളേജുകളിലോ സർക്കാർ ആശുപത്രികളിലോ ചികിത്സാഫീസ് നൽകാറില്ല. ഡോക്ടർമാരും ആശുപത്രി സൂപ്രണ്ടുമാരും രോഗികളുമായി തർക്കത്തിന് നിൽക്കാറുമില്ല. തരുന്നവർ തരട്ടെ എന്ന സമീപനമാണ് പല സ്ഥലത്തും ഉള്ളത്. അതുപോലെതന്നെ എത്തുന്ന രോഗികളിൽ ഫീസ് കൊടുക്കേണ്ടവരുടെ 25 ശതമാനംപോലും ഇപ്പോൾ ആശുപത്രികളിൽ ഫീസ് നൽകാറില്ല. ചികിത്സാ ചെലവ് പതിന്മടങ്ങ് വർദ്ധിച്ചിട്ടുപോലും സൗജന്യമായി തന്നെയാണ് ആശുപത്രികളിൽ ചികിത്സ നൽകുന്നത്. അതുമാത്രമല്ല, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് എല്ലാ ആശുപത്രികളിലും എല്ലാ സേവനങ്ങളും ഇന്ന് സൗജന്യമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ ഉൾപ്പെടുന്നവർക്കുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾ വിവിധ ഇൻഷ്വറൻസ് കമ്പനികളുമായി നടന്നുവരികയാണ്. ഈ വിഭാഗത്തിൽ വരുന്ന 20 ലക്ഷത്തോളം കുടുംബങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ഈ സ്കീം നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ക്ഷയരോഗാശുപത്രി, കുഷ്ഠരോഗാശുപത്രി, മാനസികരോഗാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ചികിത്സ പൊതുജനങ്ങൾക്ക് സൗജന്യമായാണ് നൽകുന്നത്. പ്രത്യേകിച്ചും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന രോഗികളിൽ ഏതാണ്ട് 95 ശതമാനവും പാവപ്പെട്ടവരാണ്. അതുകൊണ്ടാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നൽകുന്ന ചികിത്സ പൂർണ്ണമായും സൗജന്യമാക്കി മാറ്റിയത്. ഇവയ്ക്കുപുറമേ കുടുംബക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ഓപ്പറേഷനുകളും ചികിത്സകളും സൗജന്യമായാണ് നൽകുന്നത്. ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി നൽകുന്ന എല്ലാ സേവനങ്ങളും അതുപോലെ സൗജന്യമാണ്. ക്ഷയരോഗ ചികിത്സ, കുഷ്ഠരോഗ ചികിത്സ, കുടുംബക്ഷേമ പരിപാടികൾ, അന്ധതാ നിവാരണം, അതുപോലെ പകർച്ച വ്യാധികൾക്കുള്ള ചികിത്സയും സൗജന്യമായാണ് നൽകുന്നത്. അടിയന്തര ഘട്ടങ്ങളിലെ ചികിത്സ, ഇപ്പോൾ പകർച്ചവ്യാധി ബാധിച്ച് ആശുപത്രികളിൽ കിടക്കുന്ന എല്ലാ രോഗികൾക്കും കേരളത്തിലെ എല്ലാ ആശുപത്രികളിലും പൂർണ്ണമായും സൗജന്യമായാണ് ചികിത്സ നൽകുന്നത്. ആശുപത്രി വികസന സമിതികൾ സ്വരൂപിക്കുന്ന ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അതാത് സ്ഥാപനത്തിന്റെ വികസനത്തിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാനും ഉതകുന്ന രീതിയിലാണ് ഇന്ന് വിനിയോഗിക്കുന്നത്. ഒരു നിശ്ചിത ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കാൻ ഇപ്പോഴത്തെ നിലയിൽ നിർദ്ദേശിക്കാൻ സർക്കാരിന് സാധിക്കില്ല. സ്വകാര്യ ആശുപത്രികൾ സ്വയം അത്തരമൊരു സേവനസന്നദ്ധത പ്രകടിപ്പിക്കാൻ തയ്യാറാകുന്നപക്ഷം അവർക്ക് കഴിയുന്ന സഹായം ചെയ്തുകൊടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. പകർച്ചവ്യാധി പടർന്നു പിടിക്കുമ്പോൾ ആളുകൾ കൂട്ടത്തോടെ ചികിത്സയ്ക്ക് വരികയാണെങ്കിൽ സ്വകാര്യ ആശുപത്രികളിലും ആവശ്യംവേണ്ട മരുന്നുകൾ സൗജന്യമായി സർക്കാർ എത്തിക്കും. ഇപ്പോഴുള്ള സൗജന്യ ചികിത്സയ്ക്ക് 1500 രൂപ എന്ന വരുമാന പരിധി 3000 രൂപയാക്കുക എന്ന ഉദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. എന്തായാലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നിയമമൊന്നുമില്ലായെന്ന് പറഞ്ഞു. എങ്കിൽ മൊത്തം ലാഭം കിട്ടുന്നതിന്റെ, 10 ശതമാനമോ 15 ശതമാനമോ എങ്കിലും നിർബന്ധമായും സൗജന്യ ചികിത്സയ്ക്ക് ഉപയോഗിക്കുമെന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുകയും അതോടൊപ്പംതന്നെ ഇവിടെ മന്ത്രി പറഞ്ഞത് 1500 രൂപ വരുമാനമുള്ളവർക്ക് അല്ല ; 9000 മുതൽ 18,000 വരെ വരുമാനമുള്ളവർക്ക് 50 ശതമാനം ഫീസടയ്ക്കണം. ഇന്നലെപ്പോലും അടച്ചിട്ടുണ്ട്. അതേ അവസരത്തിൽ അത് നിർബന്ധമായും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ; 3000 രൂപ വരെയാക്കി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : ഇത് ശരിയല്ല. 1500-ന് താഴെ വരുമാനമുള്ളവർക്ക് മുഴുവൻ സൗജന്യമായാണ് നൽകുന്നത്. അത് നിർബന്ധമായും അങ്ങനെ ചെയ്യണമെന്ന് കർശനമായ നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകണമെന്ന് നിഷ്ക്കർഷിക്കാൻ സർക്കാരിന് കഴിയില്ല. എന്തായാലും ഇതു സംബന്ധിച്ച് ഒരു നിയമം നിർമ്മിക്കേണ്ടതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

III സബ്മിഷൻ

(1) പ്രവീൺ തൊഗാഡിയുടെ പ്രകോപനപരമായ പ്രസംഗം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : വിശ്വഹിന്ദു പരിഷത്തിന്റെ അന്തർദ്ദേശ്ശീയ നേതാവും അഖിലേന്ത്യാ ജനറൽ സെക്രട്ടറിയുമായ പ്രവീൺ തൊഗാഡിയ കേരളത്തിൽ വരികയും മാറാട് സന്ദർശിക്കുകയും, കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ഒരു പ്രസംഗം നടത്തുകയും ചെയ്തു. അത്യന്തം വിഷ ലിപ്തവും പ്രകോപനപരവുമായ ഒന്നായിരുന്നു ആ പ്രസംഗം. മാറാട് പള്ളി പൊളിക്കുമെന്നും അവിടെ നിന്നും സംഘർഷ സമയത്ത് ഒഴിഞ്ഞു